

കുടുംബശ്രീ
കുടുംബവിശേഷം

എസ്. ഹരികിഷോർ ഐഎഎസ്
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

# ഇഷ്ട തൊഴിൽ പരിശീലനം; 10,000 പേർക്ക് അവസരം!



സൗജന്യ പരിശീലനം നേടി ഇഷ്ടപ്പെട്ട തൊഴിൽ മേഖലയിലേക്കു ചേക്കേറാൻ വളരെയധികം അവസരങ്ങളാണ് ഈ വർഷം കുടുംബശ്രീയിലൂടെ വരാൻ പോകുന്നത്. അടുത്ത ആറു മാസത്തിൽ പതിനായിരം പേർക്കെങ്കിലും സൗജന്യ തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീ സജ്ജമായിക്കഴിഞ്ഞു. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, അക്കൗണ്ടിങ്, അൺആർമ്ഡ് സെക്യൂരിറ്റി, ഇലക്ട്രീഷ്യൻ ആൻഡ് പ്ലംബിങ്, സെയിൽസ് ആൻഡ് മാർക്കറ്റിങ് തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ പരിശീലനം നൽകാൻ 38 ഏജൻസികളുമായി നിലവിൽ കരാറുണ്ട്. കേന്ദ്ര പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDUGKY) യിലൂടെയാണ് ഇതു സാധ്യമാകുന്നത്.

കൂടുതൽ നൂതനമായ മേഖലകളിലേക്കും ഭാവിയിൽ വലിയ തൊഴിൽ സാധ്യതകൾ പ്രതീക്ഷിക്കുന്ന ഇടങ്ങളിലുമൊക്കെ തൊഴിൽ നേടാൻ പരിശീലനം നൽകാൻ 15 പുതിയ പരിശീലന ഏജൻസികളെക്കൂടി അടുത്തമാസം നാമനിർദേശം ചെയ്യുന്നതാണ്. ഇതുകൂടി പൂർണമാകുമ്പോൾ ആഗ്രഹത്തിനൊത്ത തൊഴിൽ പരിശീലനം, അതും വീടിനടുത്തുതന്നെ ലഭിക്കാൻ അവസരം ഒരുങ്ങും.

കഴിഞ്ഞ ഒരുവർഷം 17,000 പേർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കുടുംബശ്രീക്ക് സാധിച്ചത്. 11,000ൽ അധികം പേർ പ്രതിമാസം 6000 മുതൽ 20,000 രൂപ വരെ ശമ്പളം (തുടക്കത്തിൽ) ലഭിക്കുന്ന ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞു. ചിലർക്കു വിദേശത്തു നിയമനം ലഭിച്ചുവെന്നതും കഴിഞ്ഞ വർഷത്തെ നേട്ടമായി വിലയിരുത്താൻ പറ്റും.

### തൊഴിലുറപ്പു പദ്ധതി

ലോകത്തിനുതന്നെ മാതൃകയായ ഒരു പദ്ധതിയാണു തൊഴിലുറപ്പു പദ്ധതി. കുടുംബശ്രീ അംഗങ്ങളും കുടുംബാംഗങ്ങളും തൊഴിലുറപ്പു പദ്ധതിയിലൂടെ വരുമാനം കണ്ടെത്തുന്നവരുമാണ്. മേറ്റുമാരായി ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നവരും ധാരാളമുണ്ട്. ഓരോ വാർഡിലും പഞ്ചായത്തിലും തൊഴിലവസരങ്ങൾ കണ്ടെത്താനും അതിലൂടെ ആസ്തിവികസനം ലക്ഷ്യമിടാനും തൊഴിലുറപ്പു പദ്ധതിയിലൂടെ സാധിക്കുന്നു. അവിദഗ്ധ മേഖലയിലെ ജോലിയാണു തൊഴിലുറപ്പു പദ്ധതി. വൈദഗ്ധ്യ പരിശീലനം ആവശ്യമില്ല. എന്നാൽ, വർഷങ്ങളായി തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവർക്കു പരിശീലനം നൽകി കൂടുതൽ ഉയർന്ന വേതനം ലഭിക്കുന്ന തൊഴിൽ മേഖലയിലേക്ക് അവരെ കൈപിടിച്ചുയർത്തേണ്ട സമയമായി. ഈ കാര്യം മുമ്പിൽക്കണ്ടുകൊണ്ടു തൊഴിലുറപ്പു പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് (15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും) താൽപര്യമുള്ള മേഖലയിൽ പരിശീലനം നൽകാനും ഉയർന്ന വേതനം നേടാൻ പ്രാപ്തരാക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 5000 പേർക്ക് ഈ വർഷം പരിശീലനം നൽകാനുള്ളതും DDUGKY യിലൂടെ കുടുംബശ്രീക്ക് ലഭ്യമായിക്കഴിഞ്ഞു. താൽപര്യമുള്ളവർക്ക് ഉടനെ ഗുണഭോക്താക്കളാകാം.

DDUGKY പദ്ധതിയുടെ കുടക്കീഴിൽ മൂന്നാമതൊരു പദ്ധതി ഈ വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്നത് 'സാഗർമാല' എന്നു പേരിട്ട പരിശീലനമാണ്. ഈ വർഷം കോഴിക്കോട്, എറണാകുളം എന്നീ രണ്ടു ജില്ലകളിൽനിന്നുള്ള തീരദേശ മേഖലയിലെ ഉദ്യോഗാർഥികൾക്കായിരിക്കും ഈ പദ്ധതിയിൽ അവസരം.

ഇപ്രകാരം 17,500 പേർക്കു തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീ സജ്ജമായിക്കഴിഞ്ഞു. കൂടുതൽ പേർ താൽപര്യവുമായി വരികയാണെങ്കിൽ കൂടുതൽ അവസരങ്ങൾ നൽകാനും കൂടുതൽ തുക ഇതിനായി ലഭ്യമാക്കാനും വകുപ്പുണ്ട് എന്നതിനാൽ ഈ പദ്ധതിയുടെ സാധ്യതകൾ അനന്തമാണ്. കുടുംബങ്ങളിൽ കുടുംബശ്രീ വഴി വരുമാനവും മാറ്റവും ഉണ്ടാക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ.

ഇപ്രകാരം DDUGKY നടപ്പിലാക്കുമ്പോൾ, തൊഴിൽ പരിശീലനം നേടുന്നവർക്കു മാത്രമല്ല തൊഴിൽ പരിശീലനം നേടാൻവേണ്ട ഉദ്യോഗാർഥികളെ കണ്ടെത്തുമ്പോഴും സിഡിഎസുകൾക്കു വരുമാനം ലഭിക്കുന്ന ഒരു പദ്ധതി കേരളത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ സിഡിഎസിലും ഉദ്യോഗാർഥികളെ കണ്ടെത്തുന്ന ചുമതല ഒരു കുടുംബശ്രീ അംഗത്തിനു നൽകാൻ വേണ്ട നിർദേശം സിഡിഎസുകൾക്കു നൽകി. ഓരോ കുട്ടി തൊഴിൽപരിശീനത്തിനു ചേരുമ്പോഴും ഈ അംഗത്തിനും സിഡിഎസിനും നിശ്ചിത തുക ലഭിക്കുന്ന രീതിയിലാണു പദ്ധതി വിഭാവനം ചെയ്തത്. തൊഴിൽ നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ കൂടുതൽ തുക ലഭിക്കുമെന്നതിനാൽ താൽപര്യമുള്ള ഉദ്യോഗാർഥികളെ അവർക്ക് ഏറ്റവും ഇഷ്ടമുള്ള തൊഴിൽ പരിശീലന മേഖലയിലേക്ക് എത്തിക്കാൻ ഈ തീരുമാനത്തിലൂടെ സാധിക്കുമെന്നു കരുതുന്നു. ഒരു ഉദ്യോഗാർഥി DDUGKY പരിശീലനത്തിനു ചേർന്നാൽ 100 രൂപയാണു ലഭിക്കുക. ഇതിൽ 40% സിഡിഎസിനും 60% മൊബിലൈസേഷൻ വൊളന്റിയർക്കും നൽകും. ഈ കുട്ടിക്കു ജോലി ലഭിക്കുമ്പോൾ 500 രൂപ ലഭിക്കും. വിദേശ ജോലിയാണെങ്കിൽ 1000 രൂപ! ഇങ്ങനെ ഉദ്യോഗാർഥികളെ പരിശീലന പദ്ധതിയെപ്പറ്റി അറിയിക്കാനും അവരെ അവസരങ്ങളുടെ ലോകത്തേക്കു നടത്താനും പ്രയത്നിക്കുന്ന കുടുംബശ്രീ കുടുംബാംഗങ്ങൾക്കും വരുമാനം ലഭിക്കുന്നതരത്തിൽ ഈ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2017 ഡിസംബറിനു മുൻപ് 20,000 പേർക്കെങ്കിലും പരിശീലനം നൽകുന്നതു തുടങ്ങാൻവേണ്ടി നമുക്കൊരുമിച്ചു യത്നിക്കാം.

## അഭിനന്ദനങ്ങൾ

ആലപ്പുഴയിൽ നടന്ന കുടുംബശ്രീ സംസ്ഥാനതല കലോൽസവത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ. ഓരോ ഇനത്തിലും മികച്ച പ്രകടനമാണു കുടുംബശ്രീ വനിതകൾ കാഴ്ചവച്ചതെന്നു ജഡ്ജിമാർ വിലയിരുത്തിയപ്പോൾ അതു ഞങ്ങൾക്കു വലിയൊരഭിമാനമായി. പങ്കാളിത്തം കൊണ്ടും നിലവാരം കൊണ്ടും മികച്ച മേളയായി 'അരങ്ങ് 2017'നു മാറാൻ സാധിച്ചു.